ലേഖനം

# വാദിയെ പ്രതിയാക്കുന്ന തെരഞ്ഞെടുപ്പ് പ്രചാരണം

എ.ആര്‍

**രാജ്യത്തും** അതിലെ ഒരു സംസ്ഥാനമായ കേരളത്തിലും പതിനാല് ലോക്സഭാ തെരഞ്ഞെടുപ്പുകള്‍ എങ്ങനെയായിരുന്നോ അങ്ങനെത്തന്നെയാണ് പതിനഞ്ചാം പൊതുതെരഞ്ഞെടുപ്പും. മൗലികമായി എന്തെങ്കിലും വ്യത്യാസമുണ്ടെന്ന് ചൂണ്ടിക്കാട്ടാന്‍ വസ്തുതകളില്ല. ജനാധിപത്യം, മതേതരത്വം, സോഷ്യലിസം എന്നീ സിദ്ധാന്തങ്ങളോട് കൂറ് പ്രഖ്യാപിച്ച് തെരഞ്ഞെടുപ്പ് കമീഷന്റെ അംഗീകാരത്തോടെ ജനവിധി തേടുന്ന യു.ഡി.എഫ്, എല്‍.ഡി.എഫ്, ബി.ജെ.പി എന്നീ രാഷ്ട്രീയ കൂട്ടായ്മകളാണ് മുഖ്യമായും മത്സരരംഗത്ത്. മുമ്പും അവര്‍ തന്നെയാണ് മാറ്റുരച്ചത്. എന്‍.സി.പി, ബി.എസ്.പി, സി.പി.ഐ (എം.എല്‍) എന്നീ കക്ഷികളും മുന്നണി ബന്ധങ്ങളില്ലാതെ ഭാഗ്യപരീക്ഷണത്തിനിറങ്ങിയിരിക്കുന്നു. ഇവരിലാരുടെയും മതേതരത്വ പ്രതിബദ്ധതയെക്കുറിച്ച് വിവാദങ്ങള്‍ ഉയരുന്നില്ല. അപകടമണി മുഴങ്ങുന്നത് ഒരു സ്ഥാനാര്‍ഥിയെയും നിര്‍ത്തി മത്സരിക്കാത്ത പി.ഡി.പി, ഇടതു ജനാധിപത്യമുന്നണിയെ പിന്താങ്ങുമെന്ന് പ്രഖ്യാപിച്ചതിനെതുടര്‍ന്നാണ്.

എല്‍.ഡി.എഫിന്റെ പതിനെട്ടും യു.ഡി.എഫിന്റെ രണ്ടും സ്ഥാനാര്‍ഥികള്‍ക്ക് വോട്ട് ചെയ്യുമെന്ന് പ്രഖ്യാപിച്ച ജമാഅത്തെ ഇസ്ലാമിയുടെ തീരുമാനവും ചിലരെ അങ്കലാപ്പിലാക്കിയിട്ടുണ്ട്. അയോധ്യയില്‍ രാമക്ഷേത്ര നിര്‍മാണവും ജമ്മു–കശ്മീരിന് പ്രത്യേക പദവി വ്യവസ്ഥ ചെയ്യുന്ന 370–ാം ഭരണഘടനാ വകുപ്പിന്റെ ഉന്മൂലനവും സേതുസമുദ്രം പദ്ധതി റദ്ദാക്കലും ഗോവധ നിരോധവുമടക്കം തീര്‍ത്തും വര്‍ഗീയ വൈകാരികതലങ്ങള്‍ മാത്രമുള്ള പ്രശ്നങ്ങള്‍ ഉയര്‍ത്തിപ്പിടിച്ച് തീവ്രഹിന്ദുത്വവുമായി ബി.ജെ.പി തെരഞ്ഞെടുപ്പിനെ നേരിടുന്നതുപോലും ചര്‍ച്ചാ വിഷയമല്ല. ബി.ജെ.പി മുന്നണിയാകട്ടെ അധികാരത്തിലേറാനുള്ള സാധ്യത പോലും നിലനില്‍ക്കുന്നു. അതേസമയം ഇടതുമുന്ന

> അബ്ദുന്നാസിര്‍ മഅ്ദനി തുടക്കത്തില്‍ തീപ്പൊരി പ്രസംഗകനായിരുന്നു. സംഘ്പരിവാറിനെ രൂക്ഷമായി ആക്രമിച്ചിരുന്നു. അത് തെറ്റാണെന്ന് കരുതിയാലും പത്തു വര്‍ഷം നീണ്ട ജയില്‍ജീവിതത്തിന് ശേഷം താനാ ശൈലി ഉപേക്ഷിച്ചുവെന്നും മേലില്‍ സംയമനം പാലിക്കുമെന്നും സാമുദായിക സൗഹാര്‍ദത്തിനു വേണ്ടി പ്രവര്‍ത്തിക്കുമെന്നും അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. അതില്‍പിന്നെ മഅ്ദനി വര്‍ഗീയ പ്രസംഗം നടത്തിയെന്ന പരാതിയില്ല. എന്നാലും പണ്ട് ചെയ്തതായി പറയുന്ന പ്രസംഗങ്ങളുടെ പേരില്‍ അദ്ദേഹത്തിനും പാര്‍ട്ടിക്കും ജനാധിപത്യ ഇന്ത്യയില്‍ ഊരുവിലക്ക് ഏര്‍പ്പെടുത്തണമെന്നാണ് മതേതരത്വത്തിന്റെ മൊത്ത കുത്തകക്കാരായ ബുദ്ധിജീവി നാട്യക്കാരുടെ ആവശ്യം.

ണിയിൽ ഘടകമല്ലാത്ത, സ്വന്തമായി ഒരു സ്ഥാനാർഥിയെ പോലും മത്സരിപ്പിക്കാത്ത അബ്ദുന്നാസിർ മഅ്ദനി നയിക്കുന്ന പി.ഡി.പി, സാമ്രാജ്യത്വ-സയണിസ്റ്റ് വിരോധത്തിന്റെ പേരിൽ ഇടതുമുന്നണിക്ക് വേണ്ടി പ്രചാരണം നടത്തുന്നത് മതേതര ജനാധിപത്യ ഇന്ത്യയുടെ അന്ത്യംപോലും കുറിച്ചുകളയും എന്ന മട്ടിലാണ് പ്രോപഗണ്ട. അതേ മുന്നണിയുടെ സ്ഥാനാർഥികൾക്ക് തന്നെ 'അഖില ലോക മതമൗലികവാദ തീവ്രവാദ പ്രസ്ഥാനമായ' ജമാഅത്തെ ഇസ്‌ലാമി കൂടി വോട്ട് ചെയ്യാൻ തീരുമാനിച്ചാലത്തെ കഥയെന്ത്? ഇന്ത്യാ മഹാരാജ്യത്തെ രക്ഷിക്കാൻ ദൈവം തമ്പുരാന് പോലും സാധിക്കുമോ എന്ന് സംശയം! മറുവശത്ത് യഥാർഥ തീവ്രവാദി സംഘമെന്ന് മറ്റെല്ലാവരും കരുതുന്ന പി.എഫ്.ഐ, യു.ഡി.എഫിന്റെ പതിനെട്ട് സ്ഥാനാർഥികൾക്കും പിന്തുണ പ്രഖ്യാപിച്ചതിൽ കോലാഹലമൊന്നും ഉയരുന്നില്ല. ഏതുതരം വർഗീയ തീവ്രവാദ പിന്തുണയെയും മതേതരത്വചൂളയിൽ കടഞ്ഞെടുത്ത് സംശുദ്ധമാക്കാനുള്ള ശേഷി രമേശ് ചെന്നിത്തലയും ഉമ്മൻ ചാണ്ടിയും കുഞ്ഞാലികുട്ടിയും കെ.എം. മാണിയും നയിക്കുന്ന യു.ഡി.എഫിനുണ്ടാവുമായിരിക്കും.

ചിത്രത്തിന്റെ യഥാർഥ മറുവശം എന്താണ്? സ്വതന്ത്ര മതേതര ഇന്ത്യക്ക് ഇന്നോളം ഒരേയൊരു ഭീഷണിയെ മാത്രമേ നേരിടേണ്ടിവന്നിട്ടുള്ളൂ. അത് രാഷ്ട്രപിതാവിന്റെ നിഷ്ഠുരവധം തൊട്ട് തുടങ്ങി അനേകായിരം വർഗീയ കലാപങ്ങളിലൂടെ വളർന്ന് ബാബരിമസ്ജിദ് ധ്വംസനത്തിലൂടെ മൂർധന്യത്തിലെത്തി, ഒരു ഘട്ടത്തിൽ കേന്ദ്ര ഭരണം പോലും പരസഹായത്തോടെ കൈയടക്കിയ ഹിന്ദുത്വ ഫാഷിസ്റ്റ് ശക്തികളിൽനിന്നാണ്. രാജ്യത്തെ പതിനാറ് ശതമാനത്തോളം വരുന്ന മതന്യൂനപക്ഷങ്ങളുടെ അസ്തിത്വമോ വ്യക്തിത്വമോ അവർ അംഗീകരിക്കുന്നില്ല. ജനാധിപത്യപരമായി അധികാരത്തിലേറി സ്വന്തം അജണ്ട നടപ്പാക്കാനുള്ള ക്ഷമ പോലും അവർക്കില്ലാത്തതിനാൽ അകത്തുനിന്നും പുറത്തുനിന്നുമുള്ള പിൻബലത്തോടെ സൈനിക പരിശീലനം നേടി നിഷ്ഠുര കൂട്ടക്കൊലയിലൂടെ വംശീയ ഉന്മൂലനമാണ് നടപ്പാക്കുന്നത്. ഗുജറാത്തിലും ഒറീസയിലും മഹാരാഷ്ട്രയിലും അത് ഭീകരമായി അരങ്ങേറി. കർണാടകയാണ് പുതിയ പരീക്ഷണാലയം. ഹിന്ദുത്വത്തിന്റെ പേരിൽ വോട്ട് തേടുന്നത് മതത്തിന്റെ പേരിൽ വോട്ട് ചോദിക്കൽ അല്ലെന്ന സുപ്രീംകോടതിവിധിയുടെ ധൈര്യത്തോടെ കൊടും വർഗീയവിഷം വമിക്കുന്ന തെരഞ്ഞെടുപ്പ് പ്രചാരണമാണ് നടക്കുന്നത്. ബി.എസ്.പി, എസ്.പി, ആർ.ജെ.ഡി പോലുള്ള പ്രാദേശിക കക്ഷികൾക്ക് ഫാഷിസത്തോടുള്ള എതിർപ്പിന്റെ പത്തിലൊന്ന് പ്രകടിപ്പിക്കാൻ മുഖ്യ ഭരണകക്ഷിയായ കോൺഗ്രസ്സിന് ധൈര്യമില്ല. മൻമോഹൻ സർക്കാർതന്നെ നിയോഗിച്ച സച്ചാർ കമ്മിറ്റി മുസ്‌ലിംന്യൂനപക്ഷത്തിന്റെ ആശങ്കാജനകമായ പിന്നാക്കാവസ്ഥയുടെ മുഖ്യ കാരണങ്ങളിലൊന്നായി ജനപ്രതിനിധി സഭകളിലെ തീർത്തും അപര്യാപ്തമായ പ്രാതിനിധ്യമാണെന്ന് ചൂണ്ടിക്കാട്ടിയിട്ടും കോൺഗ്രസ്സിന്റെ സ്ഥാനാർഥിപട്ടികയിൽ അതിശുഷ്കമാണ് മുസ്‌ലിം നാമധാരികളുടെ എണ്ണം. കേരളത്തിലെ ജനസംഖ്യയുടെ നാലിലൊന്ന് വരുന്ന മുസ്‌ലിംകളെ 17 സ്ഥാനാർഥികളിൽ വെറും രണ്ടിലൊതുക്കുകയാണ് കോൺഗ്രസ് ചെയ്തിരിക്കുന്നത്. ഭീകരവാദിപട്ടികയിൽ മുസ്‌ലിം യുവാക്കളുടെ പേർ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പോലും ഉദാരമായി ചേർക്കപ്പെടുന്നതാണ് ഇതിന്റെ മറുവശം.

ശിഥില ഫലങ്ങളും തൂക്ക് സഭയുമാവാം രാജ്യത്തെ കാത്തിരിക്കുന്നത്. അപ്പോഴും ഫാഷിസ്റ്റുകൾ അവസരം ഉപയോഗിച്ചുകൂടാ. സാമ്രാജ്യത്വ വിധേയ സർക്കാർ അപ്പടി തുടരാനും പാടില്ല. അതിനാൽ വൻപാളിച്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ടുതന്നെ, സാമ്രാജ്യത്വ സയണിസ്റ്റ് ദാസ്യ നയങ്ങളെ തുറന്നെതിർക്കുന്ന ഇടതുപക്ഷത്തിന് മുൻഗണന നൽകിയിരിക്കുകയാണ് കേരളത്തിൽ ജമാഅത്ത്. മറ്റിടങ്ങളിൽ യു.പി.എക്കും പിന്തുണ നൽകുന്നുണ്ട്. നിഷ്പക്ഷമായും മുൻവിധിയില്ലാതെയും പരിശോധിച്ചാൽ ഇതിലെന്താണ് അപകടം?

ആറ് പതിറ്റാണ്ട് നീണ്ട കടുത്ത അവഗണനയുടെയും പീഡനത്തിന്റെയും ബാക്കിപത്രമാണ് സമീപകാലത്തായി തലപൊക്കുന്ന മുസ്‌ലിം സാമുദായിക രാഷ്ട്രീയം. 1948ൽ ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് നിലവിൽ വന്നിരുന്നെങ്കിലും ഇന്നേവരെ ദേശീയതലത്തിൽ വികസിക്കാനോ വളർച്ച പ്രാപിക്കാനോ പാർട്ടിക്ക് സാധിച്ചില്ല. കേരളത്തിന്റെ പുറത്ത് മുസ്‌ലിംകളിൽ മഹാഭൂരിഭാഗവും മതേതര പാർട്ടികളുടെ പിന്നിൽ അണിനിരക്കുകയും അവക്ക് വോട്ട് നൽകുകയും ചെയ്യുകയായിരുന്നു. ഫലം തികഞ്ഞ അധഃസ്ഥിതിയും പിന്നാക്കാവസ്ഥയുമാണെന്ന് ബോധ്യപ്പെട്ടപ്പോൾ പല സംസ്ഥാനങ്ങളിലും കൊച്ചു കൊച്ചു രാഷ്ട്രീയ കൂട്ടായ്മകൾ രൂപപ്പെടുന്നു. അവക്ക് ഭദ്രമായ അടിത്തറകളോ ദിശാബോധമോ ഇല്ല. തെരഞ്ഞെടുപ്പിൽ അവയൊന്നും ഒന്നും നേടാനും പോവുന്നില്ല. കേരളത്തിൽ സാമുദായിക രാഷ്ട്രീയത്തിന്റെ ഭൂമികയിലാണ് തുടക്കമിട്ടതെങ്കിലും പിന്നാക്ക ദലിത് രാഷ്ട്രീയ കൂട്ടായ്മയായി വളരാൻ ശ്രമിക്കുന്ന പീപ്പിൾസ് ഡമോക്രാറ്റിക് പാർട്ടി ഹിംസയിലോ ബലപ്രയോഗത്തിലോ വിശ്വസിക്കുന്നു എന്നതിന് ഒരു തെളിവുമില്ല. സ്ഥാപക നേതാവ് അബ്ദുന്നാസിർ മഅ്ദനി തുടക്കത്തിൽ തീപ്പൊരി പ്രസംഗകനായിരുന്നു. സംഘ്പരിവാറിനെ രൂക്ഷമായി ആക്രമിച്ചിരുന്നു. അത് തെറ്റാണെന്ന് കരുതിയാലും പത്തു വർഷം നീണ്ട ജയിൽജീവിതത്തിന് ശേഷം താനാ ശൈലി ഉപേക്ഷിച്ചുവെന്നും മേലിൽ സംയമനം പാലിക്കുമെന്നും സാമുദായിക സൗഹാർദത്തിനു വേണ്ടി പ്രവർത്തിക്കുമെന്നും അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. അതിൽ പിന്നെ മഅ്ദനി വർഗീയ പ്രസംഗം നടത്തിയെന്ന പരാതിയില്ല. എന്നാലും പണ്ട് ചെയ്തതായി പറയുന്ന പ്രസംഗങ്ങളുടെ പേരിൽ അദ്ദേഹത്തിനും പാർട്ടിക്കും ജനാധിപത്യ ഇന്ത്യയിൽ ഊരുവിലക്ക് ഏർപ്പെടുത്തണമെന്നാണ് മതേതരത്വത്തിന്റെ മൊത്ത കുത്തകക്കാരായ ബുദ്ധിജീവി നാട്യക്കാരുടെ ആവശ്യം. എന്നിട്ടോ, പൊതുതെരഞ്ഞെടുപ്പിന്റെ കേന്ദ്രബിന്ദുവായി മാറിയിരിക്കുന്നു പി.ഡി.പി നേതാവ് അബ്ദുന്നാസിർ മഅ്ദനി. ബാലിശതക്ക് ഇതിനേക്കാൾ പ്രകടമായ ഉദാഹരണമുണ്ടോ?

ഉണ്ടെങ്കിൽ അത് ജമാഅത്തെ ഇസ്‌ലാമിയുടെ തെരഞ്ഞെടുപ്പ് നിലപാടിനെ ചൊല്ലി ഉയരുന്ന അപസ്വരങ്ങളാണ്. അബ്ദുന്നാസിർ മഅ്ദനി ആർ.എസ്.എസ്സിനെതിരെ ഐ.എസ്.എസ് ഉണ്ടാക്കിയ ആദ്യഘട്ടത്തിൽ വൈകാരികമായും പ്രകോപനപരമായും പ്രസംഗിക്കു

കയെങ്കിലും ചെയ്തിരുന്നു. അത് പിരിച്ചുവിട്ട് പി.ഡി.പി രൂപവത്കരിച്ച ശേഷവും അപക്വമായ ചില നിലപാടുകൾ സ്വീകരിച്ചിരുന്നതായി അദ്ദേഹം തന്നെ സമ്മതിക്കും. ജമാഅത്തെ ഇസ്‌ലാമിയോ? 1941–ൽ ബ്രിട്ടീഷിന്ത്യയിൽ സംഘടന രൂപംകൊള്ളുമ്പോൾ തീവ്രഹിന്ദു വർഗീയശക്തികളായ ആർ.എസ്.എസ്സും ഹിന്ദു മഹാസഭയും സജീവരംഗത്തുണ്ടായിരുന്നു. ഇന്ത്യൻ നാഷ്നൽ കോൺഗ്രസ്സിന്റെ തലപ്പത്തിരുന്ന സർദാർ വല്ലഭായി പട്ടേലിനെ പോലുള്ളവർക്ക് ഹിന്ദുത്വത്തോട് അനുഭാവവും ഉണ്ടായിരുന്നു. എന്നിട്ടും സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയും ജമാഅത്തെ ഇസ്‌ലാമിയും ഹിന്ദു–മുസ്‌ലിം ദേശീയതകളെ ഒരുപോലെ താത്ത്വികമായി എതിർത്തു. വിശ്വമാനവികതാസങ്കൽപം മുന്നോട്ടുവെച്ചതല്ലാതെ ഒരു തരത്തിലുമുള്ള വർഗീയതയെയും അംഗീകരിച്ചില്ല, സായുധ പ്രതിരോധത്തെ അനുകൂലിച്ചതുമില്ല. സ്വതന്ത്ര ഇന്ത്യയിൽ 1948 ഏപ്രിലിൽ പുനഃസംഘടിപ്പിക്കപ്പെട്ട ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അന്നു മുതൽ ഇന്നുവരെ സാമുദായികതയിലേക്ക് വഴുതുകയോ വർഗീയ രാഷ്ട്രീയം കൈയാളുകയോ ചെയ്തില്ല. പകരം മതനിരപേക്ഷ ജനാധിപത്യത്തെ ശക്തിപ്പെടുത്താനാവശ്യമായ പ്രവർത്തനശൈലിയും തെരഞ്ഞെടുപ്പ് നയവും സ്വീകരിച്ചു. കഴിഞ്ഞേടത്തോളം ഒരു തെരഞ്ഞെടുപ്പിലും മത്സരിച്ചില്ല; സാമുദായികാടിസ്ഥാനത്തിൽ ആർക്കും പിന്തുണയും നൽകിയില്ല. ഫാഷിസ്റ്റുകൾക്കെതിരെ കോൺഗ്രസ്–കമ്യൂണിസ്റ്റ്–ജനതാദൾ അടക്കമുള്ള മതേതര കക്ഷികളെ പിന്തുണച്ചു. ഓരോ ഇലക്ഷനിലും ഈ കക്ഷികളും അവരുടെ മുന്നണികളും ജമാഅത്തിന്റെ പിന്തുണയും തേടി. ഒരു പിന്തുണക്കും പകരമായി സംഘടനാ താൽപര്യങ്ങൾ മുന്നോട്ടു വെച്ചില്ല; വിശാല ദേശീയ താൽപര്യങ്ങളും ന്യൂനപക്ഷാവശ്യങ്ങളും മാത്രം ഉപാധികളാക്കി. 2004 വരെയും കേരളത്തിലെ ഇരു മതേതര മുന്നണികളുടെയും അർഹരായ സ്ഥാനാർഥികൾക്ക് വോട്ട് നൽകുകയായിരുന്നു ജമാഅത്ത്. 2006–ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ മാത്രം ഇടതുമുന്നണിയെ മൊത്തമായി പിന്തുണച്ചു. മുൻ യു.ഡി.എഫ് സർക്കാറിന്റെ സാമ്രാജ്യത്വവിധേയത്വപരമായ നിലപാടുകളും അഴിമതിയും അന്തഃഛിദ്രതയും കൊണ്ട് പൊറുതിമുട്ടിയപ്പോൾ മാറ്റം ഉറപ്പു നൽകിയ ഇടതുമുന്നണിയെ മറ്റു ജനങ്ങളോടൊപ്പം ജമാഅത്തും വിശ്വാസത്തിലെടുക്കുകയായിരുന്നു. ആ വിശ്വാസത്തിന് നിശ്ചയമായും ഉലച്ചിൽ തട്ടിയിട്ടുണ്ട്. വീണ്ടെടുപ്പിന് ഇടതു സർക്കാർ തയാറായില്ലെങ്കിൽ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ നിലപാട് പുനഃപരിശോധിക്കേണ്ടിവരുമെന്ന് ജമാഅത്ത് വ്യക്തമാക്കിയിട്ടുമുണ്ട്. ഇപ്പോൾ നടക്കുന്നത് പാർലമെന്റ് തെരഞ്ഞെടുപ്പാണ്. അതേ തുടർന്ന് അധികാരത്തിൽ വരേണ്ടത് സാമ്രാജ്യത്വവിരുദ്ധ മതനിരപേക്ഷ ജനപക്ഷ സർക്കാറാണ്. ആ സ്വപ്നം പക്ഷേ, സാക്ഷാത്കരിച്ചുകൊള്ളണമെന്നില്ല. ശിഥില ഫലങ്ങളും തൂക്ക് സഭയുമാവാം രാജ്യത്തെ കാത്തിരിക്കുന്നത്. അപ്പോഴും ഫാഷിസ്റ്റുകൾ അവസരം ഉപയോഗിച്ചുകൂടാ. സാമ്രാജ്യത്വവിധേയ സർക്കാർ അപ്പടി തുടരാനും പാടില്ല. അതിനാൽ വൻപാളിച്ചകൾ സംഭവിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ടുതന്നെ, സാമ്രാജ്യത്വ സയണിസ്റ്റ് ദാസ്യ നയങ്ങളെ തുറന്നെതിർക്കുന്ന ഇടതുപക്ഷത്തിന് മുൻഗണന നൽകിയിരിക്കുകയാണ് കേരളത്തിൽ ജമാഅത്ത്. മറ്റിടങ്ങളിൽ യു.പി.എക്കും പിന്തുണ നൽകുന്നുണ്ട്. നിഷ്പക്ഷമായും മുൻവിധിയില്ലാതെയും പരിശോധിച്ചാൽ ഇതിലെന്താണ് അപകടം?

ജമാഅത്തിന് മാത്രമായ ഒരു നിസ്സഹായതയും ഇല്ല. ഒരു തെരഞ്ഞെടുപ്പിൽ ഒരു മുന്നണിക്കോ പാർട്ടിക്കോ വോട്ട് നൽകിയ ജനങ്ങൾ അടുത്ത തെരഞ്ഞെടുപ്പിൽ മാറി ചിന്തിക്കേണ്ടിവരുന്നതും, വിവിധ സംസ്ഥാനങ്ങളിൽ ഭിന്ന നിലപാടുകൾ സ്വീകരിക്കേണ്ടിവരുന്നതും പുതിയ കാര്യമല്ല. കേരളത്തിൽ ഭിന്ന കാരണങ്ങളാൽ രണ്ട് മണ്ഡലങ്ങളിൽ മാത്രം ജമാഅത്ത് യു.ഡി.എഫിനെ പിന്തുണക്കുന്നു. മറ്റു മണ്ഡലങ്ങളിൽ എൽ.ഡി.എഫിനും വോട്ട് നൽകുന്നു. ദേശീയ രാഷ്ട്രീയത്തിലെ മുഖ്യ പ്രശ്നങ്ങളും സാഹചര്യങ്ങളുമാണ് തീരുമാനത്തിനാധാരം.

ഇന്ത്യയിലെ നിലവിലെ ഏതെങ്കിലും പാർട്ടിയോ മുന്നണിയോ സങ്കുചിത ദേശീയ, ജാതീയ, സാമുദായിക വർഗവികാരങ്ങൾക്കും ചിന്തകൾക്കും അതീതമായി വിശാല മാനവികതക്കും സാമൂഹികനീതിക്കും വേണ്ടി നിലകൊള്ളുന്നു എന്ന് വിശ്വസിക്കാൻ ഒരു ന്യായവും ഇല്ല. ചിലർ കൂടുതൽ അപകടകാരികളാണെങ്കിൽ ചിലർ താരതമ്യേന ലഘുവായ തിന്മകൾ ചെയ്യുന്നു എന്നേയുള്ളൂ വ്യത്യാസം. ഇത്രയും കാലത്തെ കേന്ദ്ര, സംസ്ഥാന ഭരണകൂടങ്ങളുടെ അനുഭവങ്ങൾ അത് തെളിയിക്കുന്നു. തന്മൂലം തെരഞ്ഞെടുപ്പ് രംഗത്തുള്ള മുന്നണികളെയും പാർട്ടികളെയും എന്നപോലെ അവയിലെ സ്ഥാനാർഥികളെ കൂടി വിലയിരുത്തി തമ്മിൽ ഭേദം തൊമ്മന്മാരെ കണ്ടെത്തേണ്ട ഗതികേടിലാണ് മൊത്തം രാജ്യം. ജമാഅത്തെ ഇസ്‌ലാമിയും അതിനപവാദമല്ല. ജമാഅത്തിന് മാത്രമായ ഒരു നിസ്സഹായതയും ഇല്ല. ഒരു തെരഞ്ഞെടുപ്പിൽ ഒരു മുന്നണിക്കോ പാർട്ടിക്കോ വോട്ട് നൽകിയ ജനങ്ങൾ അടുത്ത തെരഞ്ഞെടുപ്പിൽ മാറി ചിന്തിക്കേണ്ടിവരുന്നതും, വിവിധ സംസ്ഥാനങ്ങളിൽ ഭിന്ന നിലപാടുകൾ സ്വീകരിക്കേണ്ടിവരുന്നതും പുതിയ കാര്യമല്ല. കേരളത്തിൽ ഭിന്ന കാരണങ്ങളാൽ രണ്ട് മണ്ഡലങ്ങളിൽ മാത്രം ജമാഅത്ത് യു.ഡി.എഫിനെ പിന്തുണക്കുന്നു. മറ്റു മണ്ഡലങ്ങളിൽ എൽ.ഡി.എഫിനും വോട്ട് നൽകുന്നു. ദേശീയ രാഷ്ട്രീയത്തിലെ മുഖ്യ പ്രശ്നങ്ങളും സാഹചര്യങ്ങളുമാണ് തീരുമാനത്തിനാധാരം. സംസ്ഥാന ഭരണത്തിലെ വൈകല്യങ്ങൾ ചൂണ്ടിക്കാട്ടി ഈ തീരുമാനത്തെ എതിർക്കുന്നതിന് പ്രകടമായ ബലഹീനതയുണ്ട്. അതിലേറെ ദുർബലവും ഭീരുത്വപരവുമാണ്, യഥാർഥ ഫാഷിസ്റ്റ് വർഗീയ ശക്തികളെ മുഖ്യ ശത്രുക്കളായി കാണാതെ മുസ്‌ലിം സമുദായത്തിലേക്ക് മാത്രം വർഗീയ തീവ്രവാദത്തിന്റെ സൂക്ഷ്മദർശിനി തിരിച്ചുവെച്ച് നടത്തുന്ന ഏകപക്ഷീയ കലമ്പലുകൾ. കേരളത്തിൽ മുസ്‌ലിം തീവ്രവാദം ശക്തിപ്പെടരുതെന്ന ശാഠ്യം ആർക്കുണ്ടെങ്കിലും, വേണ്ടത് അതിന് വളംനൽകുന്ന സാഹചര്യങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയാണ്. സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് സാമ്രാജ്യത്വ, സയണിസ്റ്റ് ദാസ്യപരമായ നയങ്ങളുടെ പങ്ക് നിസ്സാരവത്കരിക്കുന്നതിന്റെ പിന്നിൽ അപകടകരമായ ഒളിയജണ്ട ഇല്ലെന്ന് പറയാനാവില്ല. ■